LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ

75 (4692) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക, ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ടോ;

(ബി) ആയത് വിലയിരുത്തുന്നതിന് എല്ലാ സർക്കാർ സ്കൂളുകളിലും കൗൺസിലിങ്ങ് ഏർപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുട്ടികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1200 സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. ക്ലബ്ബുകൾക്ക് നേതൃത്വം നൽകുന്ന അദ്ധ്യാപകർക്ക് കൗൺസിലിംഗിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ മാനസിക ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ ഏതൊക്കെയെന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കരിയർ ഗൈൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിലയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ മാനസികം, സാമൂദായികം, സാമൂഹികം, ശാരീരികം, ആരോഗ്യപരം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. എല്ലാ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് എന്ന പേരുള്ള താല്ക്കാലിക സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ കൂലി

76 (4693) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചകത്തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി എത്രയാണ്;

(ബി) പാചകത്തിനായി ഓരോ കുട്ടിക്കും സർക്കാർ എത്ര രൂപയാണ് അനുവദിക്കുന്നത്;

(സി) പ്രസ്തുത തുക മുഴുവനായി പാചക തൊഴിലാളികൾക്ക് നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പാചകത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 200 രൂപ

(ബി) 150 കുട്ടികൾ വരെയുള്ള സ്കൂളിൽ ദിവസം 200 രൂപ നിരക്കിലും 150-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപയ്ക്ക് പുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ വരെയും നൽകുന്നു.

(സി) നൽകുന്നുണ്ട്.

(ഡി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ലൈബ്രേറിയൻ തസ്തിക

77 (4694) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇതുവരെയായി തസ്തിക സൃഷ്ടിക്കാത്തതിനാൽ ലൈബ്രേറിയൻമാരെ നിയമിച്ചിട്ടില്ല; വിശദാംശം നൽകുമോ;

(ബി) ഹൈസ്കൂളിലും ഹയർ സെക്കണ്ടറി തലത്തിലും ഉള്ള കുട്ടികൾ ലൈബ്രറികളെ റഫറൻസിനും പ്രൊജക്ട് ചെയ്യുന്നതിനും കൂടുതലായി ആശ്രയിക്കുന്ന കാലഘട്ടത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഹൈസ്കൂളിലും ഹയർ സെക്കണ്ടറിയിലും കൂടി ഒരു ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ജോലി ഭാരം കുറവുള്ള അദ്ധ്യാപകർക്ക് പ്രതിഫലത്തോടെ അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly